## പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4349 — 27.06.2013-ൽ മറുപടി നൽകേണ്ടത്

### നീലിമല പ്രദേശവാസികളുടെ ഭൂമിക്ക് നികുതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ എം.വി.ശ്രേയാംസ് കുമാർ | ശ്രീ അടൂർപ്രകാശ്<br>റവന്യൂവും കയറും വകുപ്പുമന്ത്രി |
| (എ) വൈത്തിരി താലൂക്കിലെ മുപ്പൈനാട് വില്ലേജിലെ നീലിമല പ്രദേശവാസികളുടെ ഭൂമിക്ക് നികുതി സ്വീകരിക്കാത്തതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) പ്രസ്തുത ഭൂമിക്ക് നികുതി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) മുപ്പൈനാട് വില്ലേജിലെ പഴയ സർവ്വെ നമ്പർ 1110/5 എ1എസി (റീ സർവ്വെ നമ്പർ 56)-ൽ ഉൾപ്പെട്ട നീലിമല റീസർവ്വെ റിക്കാർഡുപ്രകാരം നിക്ഷിപ്ത വനഭൂമിയായി രേഖപ്പെടുത്തിയിട്ടുള്ളതിനാലാണ് നികുതി സ്വീകരിക്കാൻ കഴിയാത്തത്. |
| (സി) നീലിമല പ്രദേശത്തെ കർഷകരുടെ ഭൂമിക്ക് നികുതി സ്വീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) റവന്യൂ-വനം സംയുക്ത പരിശോധന നടത്തി റീസർവ്വെ റിക്കാർഡുകളിൽ മാറ്റം വരുത്തിയാൽ മാത്രമേ ഭൂനികുതി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ